II ഇ.ബി. XIII- കേരള നിയമസഭ/IX-3

പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61) ബലരാമൻ കമ്മിറ്റി ശുപാർശകൾ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, ഡോ. ബലരാമൻ കമ്മിറ്റി നൽകിയ 50 ശുപാർശകളിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശുപാർശകളിന്മേൽ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ടെന്നും പുതിയ വേതനഘടന സർക്കാരിന്റെ പരിഗണനയിലാണെന്നും 108 ആംബുലൻസിലെ ജീവനക്കാരുൾപ്പെടെയുള്ള വർക്ക് ഈ വേതനഘടന ബാധകമാണെന്നും സഭയെ അറിയിച്ചു. ലേബർ കമ്മീഷണർ അദ്ധ്യക്ഷനായ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയിൽ തൊഴിലാളികളെയും തൊഴിലുടമകളെയും പ്രതിനിധീകരിച്ച് 12 അംഗങ്ങൾ വീതമുണ്ട്. പ്രസ്തുത സമിതി റിപ്പോർട്ടുകൾ തയ്യാറാക്കാതെ യോഗതീരുമാനങ്ങൾ മിനിറ്റ്സിൽ ചേർക്കുകയാണ് ചെയ്യാറുള്ളത്. നഴ്സുമാ

രുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഫലപ്രദമായ ഇടപെടൽ കാരണം ഈ മേഖലയിലെ ചൂഷണം അവസാനിപ്പിച്ച് തർക്കങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഒരോവർഷവും ഒരു നിശ്ചിത ശതമാനം പേരെ നഴ്സിംഗ് ട്രെയിനിമാരായി നിയമിക്കാനും പ്രസ്തുത കാലയളവിൽ അവർക്ക് ഭേദപ്പെട്ട തുക സ്റ്റൈപന്റായി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ ഒരു വകുപ്പിന് മാത്രമായി പരിഹാരം കാണാൻ സാധിക്കാത്ത വിഷയങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിന് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ നിന്ന് പുരുഷന്മാരെ ഒഴിവാക്കുന്നത് ആശാസ്യമല്ലാത്തതിനാൽ ഇക്കാര്യം മന്ത്രിസഭാ ഉപസമിതിയിൽ ചർച്ച ചെയ്യുന്നതാണ്. ഷിഫ്റ്റ് സമ്പ്രദായത്തെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും അതിന് ചർച്ചയിലൂടെ പരിഹാരമുണ്ടാക്കുന്നതാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*62 & *74) കുടിവെള്ള വിതരണമേഖലയിൽ സ്വകാര്യവത്കരണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, കുടിവെള്ള വിതരണത്തിനായി സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി സഭയെ അറിയിച്ചു. മൊത്തം 9 പേരുള്ള ഡയറക്ടർ ബോർഡിൽ ഷെയർ ഹോൾഡേഴ്സിനെ പ്രതിനിധീകരിക്കുന്ന 2 അംഗങ്ങൾക്ക് പുറമേയുള്ള 7 പേരിൽ ഒരാൾ ജലവിഭവ വകുപ്പുമന്ത്രിയും മറ്റ് 6 പേർ സർക്കാർ പ്രതിനിധികളുമാണ്. സ്വകാര്യ കമ്പനികളുടെ

ചൂഷണത്തിൽ നിന്ന് ജനങ്ങളെ രക്ഷിച്ച് കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം വിതരണം ചെയ്യുക എന്നുള്ളതാണ് ഈ സംവിധാനത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെയും പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെയും വില ന്യായമായിട്ടായിരിക്കും കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിക്കുന്നത്. ഇതിന്റെ രൂപീകരണം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെ ഒരുതരത്തിലും ബാധിക്കില്ലെന്നും വാട്ടർ അതോറിറ്റിയുടെ ഒരു സോഴ്സും ഉപയോഗിക്കാൻ പാടില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട പാറമടകൾ, കുളങ്ങൾ മുതലായവ യിൽനിന്നും ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി രേഖാമൂലം വാങ്ങിയ ശേഷമായിരിക്കും കമ്പനി ഇതിനാവശ്യമായ ജലം കണ്ടെത്തുന്നത്. ശബരിമല വാട്ടർ സപ്ലൈ സ്കീമിന് മുൻഗണന നൽകുന്നതാണെന്നും എരുമേലിയിൽ 54 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് സാങ്ഷൻ നൽകി പണി ആരംഭിച്ചിട്ടുണ്ടെന്നും നിലയ്ക്കൽ കുടിവെള്ള പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുന്നതാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*63) <u>കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ.എ.എസ്.എച്ച്.) പദ്ധതി</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളിൽ കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ.എ. എസ്.എച്ച്.) പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി എല്ലാ ജില്ലകളിലും രണ്ട് പി.എച്ച്.സി–കളെയും രണ്ട് സി.എച്ച്.സി–കളെയും ഒരാശുപത്രിയെയും

തെരഞ്ഞെടുത്തിട്ടുണ്ടെന്നും വലിയ ആശുപത്രികളെയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എൻ.ആർ.എച്ച്.എം-ന്റെ 2013-14 വർഷത്തെ പദ്ധതി രേഖയിൽ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് ഉൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും സേവന നിലവാരവും മെച്ചപ്പെടുത്തി രോഗികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. രോഗികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തൽ; ശരിയായ രീതിയിലുള്ള അണുബാധ നിയന്ത്രണ സംവിധാനം നടപ്പിലാക്കൽ; ഗുണമേന്മയുള്ള മുരുന്നുകൾ നൽകൽ; മരുന്നുകളുടെ വിതരണ രീതിയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തൽ; ആശുപത്രികളിൽ അറ്റകുറ്റപണികൾ നടത്തുകയും ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യൽ; എല്ലാ രോഗികൾക്കും തുല്യ അവകാശത്തോടുകൂടിയ ചികിത്സാ സംവിധാനം ഉറപ്പുവരുത്തൽ; കേടായ ഉപകരണങ്ങൾ നന്നാക്കൽ; ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമാർജ്ജനം ചെയ്യൽ; വീൽചെയറുകൾ, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കൽ; അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കൽ; രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകൽ; ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തൽ; രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. പദ്ധതി പ്രകാരം രോഗികൾക്ക്

ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ആശുപത്രിയുടെ പൂർണ്ണവിവരം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിക്കുകയും ഗുണനിലവാരമുള്ള ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശരിയായ രീതിയിലുള്ള രോഗിപരിചരണം, മരുന്നു വിതരണം, അണുബാധ നിയന്ത്രണ സംവിധാനം എന്നിവ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ആശുപ ത്രികൾക്കായി പ്രത്യേക മാനദണ്ഡം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിലെ 7 ആശുപത്രി കൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിക്കുകയും മറ്റു തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. സംസ്ഥാനത്ത് 4 അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്ത പുരത്തുള്ള അനലറ്റിക്കൽ ലാബിന് ആറ് മാസത്തിനകം നാഷണൽ അക്രഡി റ്റേഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇതിനായി കേന്ദ്ര ഗവൺമെന്റ് 12 കോടി രൂപ അനുവദിക്കുകയും സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അക്രഡിറ്റേഷൻ ലഭ്യമാകുന്നതിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച ലിസ്റ്റിൽ തിരുവനന്തപുരം പേരൂർക്കട ആശു പത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്ന തിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉദ്യോഗസ്ഥരെ നിയമി ക്കുകയും സ്റ്റേറ്റ് ലെവൽ അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുകയാണ്

അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡമായി കാണുന്നത്. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതിന് റഫറൽ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ആദിവാസിമേഖലയിലെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പനി വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ആവശ്യപ്പെട്ടാൽ അക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 648 മുതൽ 967 വരെയുള്ള ചോദ്യങ്ങളിൽ 62 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)